(ഇ) കുമളിയിലെ ഏലയ്ക്കാ ലേലകേന്ദ്രം നിലനിർത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) യും (സി) യും ചോദ്യം ഉദിക്കുന്നില്ല.

(ഡി) 1988-89-ൽ 1,19,98,758 രൂപയും 1989-90-ൽ 25,15,537 രൂപയും ലഭിച്ചു. 1990-91-ലെ കണക്കുകൾ ഉടൻ ലഭ്യമല്ല.

(ഇ) ഇക്കാര്യത്തിൽ വേണ്ട അന്വേഷണം നടത്തി സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പരസ്യങ്ങൾ

19 [2176] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്രങ്ങൾക്ക് പരസ്യം നൽകുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം;

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ എത്ര പരസ്യങ്ങൾ 1990-91-ൽ വീക്ഷണം, ദേശാഭിമാനി, മാതൃഭൂമി, മലയാളമനോരമ, കേരള കൗമുദി എന്നീ പത്രങ്ങൾക്ക് നൽകി; ടെൻഡർ പരസ്യങ്ങൾ എത്ര; അല്ലാത്തവ എത്ര; ഓരോ പത്രത്തിനും നൽകിയ പരസ്യങ്ങളുടെ എണ്ണം എത്ര; ഓരോ പത്രത്തിനും നൽകിയ തുക എത്ര;

(സി) ഏതെല്ലാം മലയാള പത്രങ്ങൾക്ക് പരസ്യം നൽകിയില്ല; കാരണം എന്ത്?

ഉത്തരം

(എ, ബി, സി) തൽക്കാലം ലഭ്യമല്ല.

ദേവസ്വം ബോർഡിന് നൽകിവരുന്ന ഗ്രാന്റ്

20 [2177] ശ്രീ. കെ. പി. കുഞ്ഞിക്കണ്ണൻ:
,, കെ. പി. വിശ്വനാഥൻ:
,, കെ. എസ്. നാരായണൻ നമ്പൂതിരി:
ശ്രീമതി എം. ടി. പത്മ:
ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി ഇപ്പോൾ എന്തു തുകയാണ് ഗവൺമെന്റിൽ നിന്നും ഗ്രാന്റ് കൊടുക്കുന്നത്;

(ബി) ഈ തുക എന്നു നിർണ്ണയിച്ചതാണ്;

(സി) ഈ തുക വർദ്ധിപ്പിച്ചുകൊടുക്കണമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എന്തു തുക വർദ്ധിപ്പിക്കണമെന്നാണ് ദേവസ്വം ബോർഡിന്റെ ആവശ്യം;

(ഇ) ഗ്രാന്റ് വർദ്ധിപ്പിക്കണമെന്ന ബോർഡിന്റെ ആവശ്യത്തിൻമേൽ ഗവൺമെന്റ് നിലപാടെന്താണ്?

ഉത്തരം

(എ) 40·5 ലക്ഷം രൂപ

(ബി) 1950-ൽ

(സി) ഉണ്ട്

(ഡി) തുക വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തിരുവിതാംകൂർ ദേവസ്വം ബോർഡ് കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന സി. എം. പി.-യിൽ തുക എന്തായി വർദ്ധിപ്പിക്കണമെന്ന് വ്യക്തമായി കാണുന്നില്ല.

(ഇ) കോടതി തീരുമാനം കാത്തിരിക്കുന്നു.

വിൽപന നികുതിയിനത്തിലുള്ള വരുമാനം

21 [2178] ശ്രീ. ടി. എച്ച്. മുസ്തഫ:
ശ്രീമതി റോസമ്മ ചാക്കോ:
ശ്രീ. എൻ. മനോഹരൻ മാസ്റ്റർ:
,, എം. പി. താമി:
,, കെ. പി. കുഞ്ഞിക്കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1982 മുതൽ 1987 വരെ വിൽപന നികുതിയിനത്തിൽ വരുമാനം എത്രയായിരുന്നു;

(ബി) ഈ കാലയളവിൽ പ്രസ്തുത നികുതിയിനത്തിൽ പിരിഞ്ഞു കിട്ടാനുണ്ടായിരുന്ന സംഖ്യ എത്രയായിരുന്നു;

(സി) 1987 ഏപ്രിൽ മുതൽ 1990 ഡിസംബർ വരെ വിൽപന നികുതിയിനത്തിൽ നിന്നുള്ള വരുമാനം എത്രയായിരുന്നു;

(ഡി) ഈ കാലയളവിൽ പ്രസ്തുത നികുതിയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക എത്ര?

ഉത്തരം

(എ) 1982-83 മുതൽ 1986-87 വരെ 1932·14 കോടി രൂപ.

(ബി) 31-3-1987-ലെ കുടിശ്ശിക 145·20 കോടി രൂപയാണ്.

(സി) 2604·57 കോടി രൂപ.

(ഡി) 30-11-1990-ൽ കുടിശ്ശിക 246·32 കോടി രൂപ (മുൻ വർഷങ്ങളിലെ തുക ഉൾപ്പെടെയാണ്).

LIBRARY ARCHIVES Kerala Legislative Assembly